LIBRARY ARCHIVES Kerala Legislative Assembly

ശരണ്യ പദ്ധതി

272 (937) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൊഴിൽ വകുപ്പിന്റെ 'ശരണ്യ പദ്ധതി ' നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 14 കോടി രൂപ വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷം 'ശരണ്യ പദ്ധതി'ക്കായി ബഡ്ജറ്റിൽ 14 കോടി രൂപ വകയിരുത്തിയിരുന്നു. ഇതു കൂടാതെ വകുപ്പുമുഖാന്തിരം നടപ്പിലാക്കിവരുന്ന മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് എന്ന പദ്ധതിയിൽനിന്നും 50 ലക്ഷം രൂപയും കമ്പ്യൂട്ടറൈസേഷൻ ഓഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന പദ്ധതിയിൽ നിന്നും 250 ലക്ഷം രൂപയും ചേർത്ത് ആകെ മൂന്ന് കോടി രൂപ ശരണ്യ പദ്ധതിയിലേയ്ക്ക് വകമാറ്റി ലഭിച്ചിരുന്നു. ബഡ്ജറ്റ് വിഹിതമായ 14 കോടി രൂപയും റീ-അപ്രോപ്രിയേഷനിലൂടെ ലഭിച്ച മൂന്ന് കോടി രൂപയും ചേർത്ത് ആകെ 17 കോടി രൂപ 2014-15 വർഷത്തിൽ ശരണ്യ പദ്ധതിക്കായി ചെലവഴിച്ചിരുന്നു.

മുൻ സാമ്പത്തികവർഷം സ്വീകരിച്ച ശരണ്യ അപേക്ഷകളിൽ കാസർഗോഡ് ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ വായ്പ വിതരണം നടത്താൻ അപേക്ഷകൾ അവശേഷിച്ചിരുന്നു. പ്രസ്തുത ജില്ലകളിൽ പദ്ധതി പ്രകാരം വായ്പ വിതരണം നടത്തുന്നതിനും വായ്പ വിതരണത്തിന് മുമ്പ് നൽകേണ്ട പരിശീലനം നൽകുന്നതിനും പദ്ധതി പ്രചരണത്തിനും പദ്ധതിയുടെ ജില്ലാതല സമിതി കൂടുന്നതിനുമായി 2014-15 സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

ക്ഷേമനിധി ബോർഡുകൾ

273 (938) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ക്ഷേമനിധി ബോർഡുകളുണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.